# പതിനഞ്ചാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

# ബുള്ളറ്റിൻ—ഭാഗം I

(നിയമസഭാ നടപടികളുടെ സംക്ഷിപ്ത വിവരണം)

2024 ജൂൺ 26, ബുധൻ

**നമ്പർ 140**

രാവിലെ 9.00-ന് സ്പീക്കറുടെ അദ്ധ്യക്ഷതയിൽ നിയമസഭ സമ്മേളിച്ചു.

ചോദ്യങ്ങൾ :

മറുപടി പറയാൻ നിശ്ചയിച്ചിരുന്ന ചോദ്യങ്ങളിൽ മൂന്നെണ്ണം സഭയിൽ ചോദിക്കുകയും അവയ്ക്ക് വാങ്മൂലം മറുപടി നൽകുകയും ചെയ്തു.

നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപം :

പച്ചക്കറിയും പലവ്യഞ്ജനവുമടക്കമുള്ള അവശ്യ സാധനങ്ങളുടെ വിലവർദ്ധനവ്മൂലം ജനജീവിതം ദുസ്സഹമായതായി പറയപ്പെടുന്ന സ്ഥിതിവിശേഷം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്ന് ആവശ്യപ്പെട്ട് ശ്രീ. റോജി എം. ജോണും മറ്റ് അഞ്ച് അംഗങ്ങളും സഭാ നടപടികൾ നിർത്തിവയ്ക്കാനുള്ള ഒരു ഉപക്ഷേപത്തിന് നോട്ടീസ് നല്കിയിരുന്നു. ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രിയുടെ മറുപടിയുടെ വെളിച്ചത്തിൽ ഉപക്ഷേപത്തിന് സ്പീക്കർ അവതരണാനുമതി നിഷേധിച്ചു.

(ഇക്കാര്യത്തിൽ സർക്കാർ അനുവർത്തിച്ച നിലപാടിൽ പ്രതിഷേധിച്ച് പ്രതിപക്ഷ കക്ഷികളിൽപ്പെട്ട അംഗങ്ങൾ സഭയിൽ നിന്നിറങ്ങിപ്പോയി)

ശ്രദ്ധ ക്ഷണിക്കൽ :

1. വന്യമൃഗശല്യം മൂലമുള്ള കൃഷിനാശത്തിന് മതിയായ നഷ്ടപരിഹാരം നൽകുന്നതിനും മനുഷ്യ-വന്യജീവി സംഘർഷത്തിൽ മരണപ്പെടുന്നവർക്കും പരിക്കേൽക്കുന്ന വർക്കും മതിയായ നഷ്ടപരിഹാരം ഉറപ്പാക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതിന്റെ ആവശ്യകതയിലേയ്ക്ക് ശ്രീ. പി. എസ്. സുപാൽ വനം-വന്യജീവി വകുപ്പുമന്ത്രിയുടെ ശ്രദ്ധ ക്ഷണിച്ചു. മന്ത്രി അത് സംബന്ധിച്ച് ഒരു പ്രസ്താവന നടത്തി.

2. കോട്ടയം നഗരത്തിലെ ഗതാഗതക്കുരുക്ക് പരിഹരിക്കുന്നതിനായി രൂപകൽപന ചെയ്ത സ്കൈ വാക്ക് പദ്ധതി അടിയന്തരമായി പൂർത്തീകരിക്കേണ്ടതിന്റെ ആവശ്യകതയിലേയ്ക്ക് ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ഗതാഗത വകുപ്പുമന്ത്രിയുടെ ശ്രദ്ധ ക്ഷണിച്ചു. മന്ത്രി അത് സംബന്ധിച്ച് ഒരു പ്രസ്താവന നടത്തി.

KNPP. 812/2024(i).

<u>ചട്ടം 304 പ്രകാരമുള്ള വിഷയങ്ങൾ</u>:

ചട്ടം 304 പ്രകാരം താഴെ പറയുന്ന വിഷയങ്ങൾ അംഗങ്ങൾ സഭയിൽ ഉന്നയിച്ചു:

| ക്രമ നമ്പർ | അംഗത്തിന്റെ പേര് | വിഷയം | വകുപ്പുമന്ത്രി |
|---|---|---|---|
| (1) | (2) | (3) | (4) |
| 1 | ശ്രീ. മഞ്ഞളാംകുഴി അലി | തായ്‌ലന്റ്-മ്യാൻമാർ അതിർത്തിയിൽ തടവിൽ കഴിയുന്ന സഫീർ, ഷുഹൈബ് എന്നിവരുടെ മോചനം | മുഖ്യമന്ത്രി |
| 2 | ശ്രീ. പി. ബാലചന്ദ്രൻ | ബസ്സിടിച്ചു തകർന്ന ശക്തൻ തമ്പുരാൻ പ്രതിമയുടെ പുനരുദ്ധാരണം | ഗതാഗത വകുപ്പുമന്ത്രി |
| 3 | ശ്രീമതി കെ. കെ. രമ | കോടതി ഫീസുകളിൽ വരുത്തിയ വർദ്ധനവ് ഒഴിവാക്കുന്നതിന് നടപടി | ധനകാര്യ വകുപ്പുമന്ത്രി |
| 4 | ശ്രീ. ഐ. ബി. സതീഷ് | പരമ്പരാഗത കരകൗശല വിദഗ്ദ്ധർക്കാവശ്യമായ നൈപുണ്യ പരിശീലനം | നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി |
| 5 | ശ്രീ. പി. ജെ. ജോസഫ് | തൊടുപുഴ മാരിയിൽക്കലുങ്ക് പാലം നിർമ്മാണ പ്രവൃത്തികൾ | പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി |
| 6 | ശ്രീ. അനൂപ് ജേക്കബ് | പെരുവ-പിറവം-പെരുവാമൂഴി റോഡ് നിർമ്മാണം | പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി |

| (1) | (2) | (3) | (4) |
|---|---|---|---|
| 7 | ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ | പെരുമ്പാവൂരിലെ റോഡുകൾ ടാർ ചെയ്യുന്നതിന് നടപടി | പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി |
| 8 | ശ്രീ. കെ. പി. മോഹനൻ | കൂത്തുപറമ്പ് താലൂക്ക് ആശുപത്രിയുടെ പ്രവർത്തനം | ആരോഗ്യ, വനിത-ശിശുവികസന വകുപ്പുമന്ത്രി |
| 9 | ശ്രീ. വി. ജോയി | വർക്കല ഇടവ തോമസ് സെബാസ്റ്റ്യൻ സ്റ്റേഡിയം | ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി |

അതത് വിഷയം സംബന്ധിച്ച് ബന്ധപ്പെട്ട മന്ത്രിമാർ പ്രസ്താവന നടത്തി.

റിപ്പോർട്ടുകളുടെ സമർപ്പണം :

1) കാര്യോപദേശക സമിതിയുടെ പതിമൂന്നാമത് റിപ്പോർട്ട് സമർപ്പിച്ചു.

2) പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റിയുടെ നാൽപ്പത്തിയെട്ട് മുതൽ അറുപത്തിരണ്ട് വരെയുള്ള റിപ്പോർട്ടുകൾ സമർപ്പിച്ചു.

റിപ്പോർട്ട് പരിഗണന :

കാര്യോപദേശകസമിതിയുടെ പതിമൂന്നാമത് റിപ്പോർട്ട് സഭ അംഗീകരിച്ചു.

ചട്ടം 288 പ്രകാരമുള്ള വിശദീകരണം :

2024 ജൂൺ 12- ാം തീയതി ധനാഭ്യർത്ഥന ചർച്ചയിൽ പങ്കെടുത്തുകൊണ്ട് ശ്രീമതി കാനത്തിൽ ജമീല നടത്തിയ പരാമർശത്തിന്മേൽ ശ്രീമതി കെ. കെ. രമ തന്റെ വ്യക്തിപരമായ വിശദീകരണം സഭയെ അറിയിച്ചു.

ചട്ടം 130 പ്രകാരമുള്ള ഉപക്ഷേപം :

ശ്രീ. എം. വിജിൻ ചട്ടം 130 അനുസരിച്ച് താഴെപ്പറയുന്ന ഉപക്ഷേപം അവതരിപ്പിച്ചുകൊണ്ട് സംസാരിച്ചു:

"നാഷണൽ ടെസ്റ്റിംഗ് ഏജൻസി (NTA) നടത്തിയ NEET, NET പരീക്ഷകളുമായി ബന്ധപ്പെട്ടുണ്ടായ ഞെട്ടിപ്പിക്കുന്ന ക്രമക്കേടുകൾ ലക്ഷക്കണക്കിന് വിദ്യാർത്ഥികളുടെയും അവരുടെ കുടുംബാംഗങ്ങളുടെയും പ്രതീക്ഷകളും സ്വപ്നങ്ങളും തകർത്ത ഗുരുതരമായ സാഹചര്യം സംബന്ധിച്ച് ഈ സഭ ചർച്ച ചെയ്യണം."

താഴെപ്പറയുന്ന അംഗങ്ങൾ ചർച്ചയിൽ പങ്കെടുത്തു:

ശ്രീ. കെ. എം. സച്ചിൻദേവ്

ശ്രീ. സജീവ് ജോസഫ്

ശ്രീ. ഇ. ചന്ദ്രശേഖരൻ

ഡോ. എൻ. ജയരാജ്

ശ്രീ. കെ. പി. മോഹനൻ

ഡോ. സുജിത് വിജയൻപിള്ള

ശ്രീ. മോൻസ് ജോസഫ്

ശ്രീമതി യു. പ്രതിഭ

ഡോ. എം. കെ. മുനീർ

ശ്രീ. കെ. വി. സുമേഷ്

ഡോ. മാത്യു കുഴൽനാടൻ

ചർച്ചയിൽ ഉന്നയിക്കപ്പെട്ട കാര്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി ഡോ. ആർ. ബിന്ദു മറുപടി നൽകി. അതിനുശേഷം ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി ചട്ടം 275 അനുസരിച്ച് താഴെപ്പറയുന്ന സബ്സ്റ്റാന്റീവ് മോഷൻ അവതരിപ്പിച്ചു.

"ദേശീയ തലത്തിൽ പ്രവേശന പരീക്ഷകൾക്കായി യൂണിയൻ ഗവൺമെന്റ് ചുമതലപ്പെടുത്തിയ നാഷണൽ ടെസ്റ്റിംഗ് ഏജൻസി (NTA) ഏറ്റെടുത്ത് നടത്തുന്ന രണ്ട് ദേശീയ പരീക്ഷകളുമായി ബന്ധപ്പെട്ടുണ്ടായ വ്യാപക ക്രമക്കേടുകൾ ഞെട്ടിപ്പിക്കുന്നതാണ്. മെഡിക്കൽ വിദ്യാഭ്യാസ രംഗത്തെ ബിരുദ കോഴ്സുകളിലേക്ക് പ്രവേശനം നടത്തുന്നതിനുള്ള NEET-UG പരീക്ഷയിലും കോളേജ്, സർവകലാശാല അധ്യാപക നിയമന യോഗ്യതയ്ക്കും ഗവേഷണ സ്കോളർഷിപ്പിനും വേണ്ടിയുള്ള UGC-NET പരീക്ഷയിലുമാണ് ക്രമക്കേടുകൾ നടന്നിട്ടുള്ളത്.

ലക്ഷക്കണക്കിന് വിദ്യാർത്ഥികൾ മാസങ്ങൾ നീണ്ട കഠിനാദ്ധ്വാനത്തിലൂടെ പഠിച്ച് എഴുതുന്ന NEET പരീക്ഷയിലെ ക്രമക്കേട് വിദ്യാർത്ഥികളുടെയും അവരുടെ കുടുംബാംഗങ്ങളുടെയും പ്രതീക്ഷകളും സ്വപ്നങ്ങളുമാണ് തകർത്തത്. വിവിധ ബാച്ചുകളിലായി നടത്തിയ പരീക്ഷകളിൽ സമയനഷ്ടമുണ്ടായത് നികത്തുന്നതിന്റെ ഭാഗമായി അശാസ്ത്രീയമായി ഗ്രേസ് മാർക്ക് നൽകിയതിലൂടെ കുറച്ച് വിദ്യാർത്ഥികൾക്ക് അനർഹമായി മാർക്ക് ലഭിക്കാൻ ഇടയായി. ഹരിയാനയിലെ ഒരു സെന്ററിൽ പരീക്ഷയെഴുതിയ വിദ്യാർത്ഥികൾ 720-ൽ 720 മാർക്ക് സ്കോർ ചെയ്തതും പ്രവേശന പരീക്ഷയിൽ അസാധ്യമായ 718, 719 എന്നീ മാർക്കുകൾ നേടാനിടയായതും രാജസ്ഥാൻ, ബീഹാർ എന്നീ സംസ്ഥാനങ്ങളിൽ ചോദ്യപേപ്പർ സമൂഹമാധ്യമങ്ങൾ വഴി ചോർന്നതും അപേക്ഷകരുടെ ആപ്ലിക്കേഷൻ നമ്പറിന്റെ അടിസ്ഥാനത്തിൽ ടൈ ബ്രേക്കിംഗിന്റെ രീതി ആവിഷ്കരിച്ചതും പരീക്ഷയുടെ വിശ്വാസ്യതയെത്തന്നെ ചോദ്യം ചെയ്യുന്നതായി. ഇതിനെതിരെ ബഹു. സുപ്രീം കോടതിയിൽ ഫയൽ ചെയ്യപ്പെട്ട കേസ്സിൽ ഗ്രേസ് മാർക്ക് ഒഴിവാക്കുന്നതിന് അവർ ആവശ്യപ്പെട്ടാൽ പുനഃപരീക്ഷ നടത്തുന്നതിനും തീരുമാനിച്ചിട്ടുണ്ട് എന്ന് യൂണിയൻ സർക്കാർ ബഹു. കോടതിയെ അറിയിച്ചിട്ടുണ്ട്. എന്നാൽ ചോദ്യപേപ്പർ ചോർച്ചയ്ക്ക് തെളിവില്ല എന്ന നിലപാടാണ് യൂണിയൻ വിദ്യാഭ്യാസ മന്ത്രി പ്രഖ്യാപിച്ചത്. ഇതിന്റെ പിന്നാലെ NET പരീക്ഷയിലും ക്രമക്കേടുണ്ടായതായി കണ്ടെത്തിയ സാഹചര്യത്തിൽ പരീക്ഷ റദ്ദ് ചെയ്ത് പുനഃപരീക്ഷ നടത്തുന്നതിന് NTA തീരുമാനിച്ചു. ഇതോടൊപ്പം CSIR NET പരീക്ഷയും നീറ്റ് മെഡിക്കൽ പി.ജി. പ്രവേശന പരീക്ഷയും നിശ്ചയിച്ച സമയത്ത് നടത്താതെ ക്യാൻസൽ ചെയ്യുകയുണ്ടായി. കഠിനാദ്ധ്വാനം ചെയ്ത് പരീക്ഷയ്ക്ക് തയ്യാറെടുക്കുകയും ദീർഘദൂരം യാത്ര ചെയ്ത് അന്യസംസ്ഥാനങ്ങളിലെ പരീക്ഷാകേന്ദ്രങ്ങളിലെത്തുകയും ചെയ്ത പരീക്ഷാർത്ഥികൾക്ക് പരീക്ഷ റദ്ദുചെയ്ത നടപടി കനത്ത മാനസിക സമ്മർദ്ദവും ധനനഷ്ടവും ഉണ്ടാക്കിയിട്ടുണ്ട്.

രാജ്യത്തെ ലക്ഷക്കണക്കിന് വിദ്യാർത്ഥികളുടെ ഭാവി നിർണ്ണയിക്കുന്ന പരീക്ഷകൾ കുറ്റമറ്റ രീതിയിൽ, വിശ്വാസ്യതയോടെ നടത്താൻ ചുമതലപ്പെട്ട NTA തങ്ങൾക്കതിന് സാധിക്കില്ല എന്ന് ആവർത്തിച്ച് തെളിയിച്ചു കഴിഞ്ഞു. മുൻപ് സംസ്ഥാന തലത്തിൽ കുറ്റമറ്റ രീതിയിൽ നടത്തിപ്പോന്നിരുന്ന മെഡിക്കൽ പ്രവേശന പരീക്ഷകൾ നിർത്തലാക്കിയാണ് ദേശീയ തലത്തിൽ NEET പരീക്ഷ ഏർപ്പെടുത്തിയത്. കേരളത്തിൽ പരീക്ഷയെഴുതിയ ലക്ഷക്കണക്കിന് വിദ്യാർത്ഥികളെയും രക്ഷിതാക്കളെയും ആശങ്കയുടെ മുൾമുനയിൽ നിർത്തുന്നതും കുട്ടികളുടെ ഭാവിയെ അനിശ്ചിതത്വത്തിലാക്കുകയും ചെയ്യുന്ന NTA യുടെ നടപടികളെയും അതിനെ പിന്തുണക്കുന്ന യൂണിയൻ ഗവൺമെന്റിന്റെ നയങ്ങളെയും സഭ ശക്തമായി അപലപിക്കുന്നു. അതോടൊപ്പം മെഡിക്കൽ പ്രവേശനത്തിനായി കാത്തിരിക്കുന്ന സംസ്ഥാനത്തെ വിദ്യാർത്ഥികളുടെയും അവരുടെ രക്ഷാകർത്താക്കളുടെയും ഭീതിയും ഉത്കണ്ഠയും ദൂരീകരിക്കുന്നതിന് അടിയന്തരവും വിശ്വാസയോഗ്യവുമായ നടപടികൾ സ്വീകരിക്കണമെന്നും യൂണിയൻ ഗവൺമെന്റിനോട് സഭ ആവശ്യപ്പെടുന്നു."

തുടർന്ന് പ്രമേയം സഭ ഐകകണ്ഠ്യേന പാസ്സാക്കി.

ധനകാര്യം :

## 2024-25 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബജറ്റിലെ ധനാഭ്യർത്ഥനകളിന്മേലുള്ള ചർച്ചയും വോട്ടെടുപ്പും

വിദ്യാഭ്യാസം, കായിക വിനോദം, കല, സാംസ്കാരികം എന്ന XVII-ാം നമ്പർ ധനാഭ്യർത്ഥന, തൊഴിലും തൊഴിലാളിക്ഷേമവും പ്രവാസി ക്ഷേമവും എന്ന XXIV-ാം നമ്പർ ധനാഭ്യർത്ഥന എന്നിവയുടെ നേരെ ധനാഭ്യർത്ഥനകളുടെ ലിസ്റ്റിലെ 7-ാം കോളത്തിൽ സൂചിപ്പിച്ചിട്ടുള്ള തുക അനുവദിക്കണമെന്ന പ്രമേയം പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി ശ്രീ. വി. ശിവൻകുട്ടിയും, കൃഷി എന്ന XXIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ നേരെ ധനാഭ്യർത്ഥനകളുടെ ലിസ്റ്റിലെ 7-ാം കോളത്തിൽ സൂചിപ്പിച്ചിട്ടുള്ള തുക അനുവദിക്കണമെന്ന പ്രമേയം കൃഷി വകുപ്പുമന്ത്രി ശ്രീ. പി. പ്രസാദും അവതരിപ്പിച്ചു.

പ്രസ്തുത ധനാഭ്യർത്ഥനകളെ സംബന്ധിച്ച് ചട്ടം 236 (3) പ്രകാരമുള്ള പ്രസ്താവനകൾ ധനകാര്യ വകുപ്പുമന്ത്രി ശ്രീ. കെ. എൻ. ബാലഗോപാൽ മേശപ്പുറത്തുവച്ചു.

XVII-ാം നമ്പർ ധനാഭ്യർത്ഥന സംബന്ധിച്ച ഖണ്ഡനോപക്ഷേപങ്ങളുടെ ലിസ്റ്റിലെ 1, 5, 6, 9, 15, 17, 19, 20, 22, 23, 24, 25, 28, 30, 31, 33, 35, 39, 40, 44, 48, 49, 50, 51 എന്നീ ഖണ്ഡനോപക്ഷേപങ്ങളും, XXIV - ാം നമ്പർ ധനാഭ്യർത്ഥന സംബന്ധിച്ച ഖണ്ഡനോപ ക്ഷേപങ്ങളുടെ ലിസ്റ്റിലെ 4, 5, 8, 14, 17, 18, 19, 20, 21, 22, 24, 25, 27, 31, 32, 36, 41, 43, 44, 46, 47, 48, 49 എന്നീ ഖണ്ഡനോപക്ഷേപങ്ങളും, XXIX - ാം നമ്പർ ധനാഭ്യർത്ഥന സംബന്ധിച്ച ഖണ്ഡനോപക്ഷേപങ്ങളുടെ ലിസ്റ്റിലെ 4, 5, 8, 11, 13, 16, 18, 19, 22, 23, 24, 26, 27, 28, 29, 30, 31, 32, 35, 36, 40, 44, 46, 47, 48 എന്നീ ഖണ്ഡനോപക്ഷേപങ്ങളും അവതരിപ്പിച്ചു.

താഴെപറയുന്ന അംഗങ്ങൾ ചർച്ചയിൽ പങ്കെടുത്തു:

ഡോ. കെ. ടി. ജലീൽ

ശ്രീ. മാണി സി. കാപ്പൻ

ശ്രീ. മുഹമ്മദ് മുഹസിൻ

ശ്രീ. അൻവർ സാദത്ത്

ശ്രീ. പ്രമോദ് നാരായൺ

ശ്രീ. ടി. വി. ഇബ്രാഹിം

ശ്രീ. എം. മുകേഷ്

ശ്രീ. എ. പ്രഭാകരൻ

ശ്രീമതി ദെലീമ

ശ്രീ. സി. ആർ. മഹേഷ്

ശ്രീ. പി. വി. ശ്രീനിജിൻ

ശ്രീ. പി. വി. അൻവർ

ശ്രീ. തോമസ് കെ. തോമസ്

ഡോ. എം. കെ. മുനീർ

ശ്രീ. വാഴൂർ സോമൻ

ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ

ശ്രീ. സണ്ണി ജോസഫ്

ചർച്ചയിൽ ഉന്നയിക്കപ്പെട്ട കാര്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി ശ്രീ. വി. ശിവൻകുട്ടിയും, ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി ഡോ. ആർ. ബിന്ദുവും, ന്യൂനപക്ഷ ക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടനം വകുപ്പുമന്ത്രി ശ്രീ. വി. അബ്ദുറഹിമാനും, മത്സ്യബന്ധനം, സാംസ്കാരികം വകുപ്പുമന്ത്രി ശ്രീ. സജി ചെറിയാനും, രജിസ്ട്രേഷൻ, മ്യൂസിയം, പുരാവസ്തു വകുപ്പുമന്ത്രി ശ്രീ. കടന്നപള്ളി രാമചന്ദ്രനും, കൃഷി വകുപ്പുമന്ത്രി ശ്രീ. പി. പ്രസാദും മറുപടി നൽകി. അവതരിപ്പിച്ചിരുന്ന ഖണ്ഡനോപക്ഷേപങ്ങൾ സഭ തള്ളി. തുടർന്ന് ധനാഭ്യർത്ഥനകൾ XVII, XXIV, XXIX എന്നിവ വോട്ടിനിട്ട് പാസ്സാക്കി.

2024 ജൂൺ 27-ാം തീയതി, വ്യാഴാഴ്ച രാവിലെ 9.00-ന് വീണ്ടും സമ്മേളിക്കുന്നതിനായി വൈകുന്നേരം 6.42 - ന് സഭ പിരിഞ്ഞു.

ഡോ. എൻ. കൃഷ്ണ കുമാർ,
*സെക്രട്ടറി.*

# FIFTEENTH KERALA LEGISLATIVE ASSEMBLY

Eleventh Session

# BULLETIN—PART I

(Brief Record of Proceedings)

*Wednesday, June 26, 2024*

**No. 140**

The Assembly met at 9.00 a.m. with Mr. Speaker in the Chair.

*Questions*:

Three Questions in the list of Questions posted for the day were answered orally.

*Adjournment Motion*:

After hearing the Minister for Food and Civil Supplies, the Speaker withheld consent to the moving of an adjournment motion given notice of by Shri Roji M. John and five other Members regarding the miserable life reported to have faced by the people due to the hike in the prices of essential commodities including vegetables and provisions.

(In protest against the attitude of the Government in the matter, the Members belonging to the opposition staged a walkout)

*Calling Attention* :

1. Shri P. S. Supal called the attention of the Minister for Forest and Wildlife to the necessity to provide adequate compensation for crop damage due to wild animals and to ensure adequate compensation for those who were killed or injured in Man–Wildlife Conflict. The Minister made a statement thereto.

2. Shri Thiruvanchoor Radhakrishnan called the attention of the Minister for Transport to the necessity to complete the SKY WALK project urgently, designed to resolve traffic issues in Kottayam Town. The Minister made a statement thereto.

*The Matters under Rule 304*:

The matters raised in the House by the Members under Rule 304 are listed below:

| ക്രമ നമ്പർ | അംഗത്തിന്റെ പേര് | വിഷയം | വകുപ്പുമന്ത്രി |
|---|---|---|---|
| (1) | (2) | (3) | (4) |
| 1 | ശ്രീ. മഞ്ഞളാംകുഴി അലി | തായ്‌ലന്റ്-മ്യാൻമാർ അതിർത്തിയിൽ തടവിൽ കഴിയുന്ന സഫീർ, ഷുഹൈബ് എന്നിവരുടെ മോചനം | മുഖ്യമന്ത്രി |
| 2 | ശ്രീ. പി. ബാലചന്ദ്രൻ | ബസ്സിടിച്ച് തകർന്ന ശക്തൻ തമ്പുരാൻ പ്രതിമയുടെ പുനരുദ്ധാരണം | ഗതാഗത വകുപ്പുമന്ത്രി |
| 3 | ശ്രീമതി കെ. കെ. രമ | കോടതി ഫീസുകളിൽ വരുത്തിയ വർദ്ധനവ് ഒഴിവാക്കുന്നതിന് നടപടി | ധനകാര്യ വകുപ്പുമന്ത്രി |
| 4 | ശ്രീ. ഐ. ബി. സതീഷ് | പരമ്പരാഗത കരകൗശല വിദഗ്ദ്ധർക്കാവശ്യമായ നൈപുണ്യ പരിശീലനം | നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി |
| 5 | ശ്രീ. പി. ജെ. ജോസഫ് | തൊടുപുഴ മാരിയിൽക്കലുങ്ക് പാലം നിർമ്മാണ പ്രവൃത്തികൾ | പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി |
| 6 | ശ്രീ. അനൂപ് ജേക്കബ് | പെരുവ-പിറവം-പെരുവാമൂഴി റോഡ് നിർമ്മാണം | പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി |

| (1) | (2) | (3) | (4) |
|---|---|---|---|
| 7 | ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ | പെരുമ്പാവൂരിലെ റോഡുകൾ ടാർ ചെയ്യുന്നതിന് നടപടി | പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി |
| 8 | ശ്രീ. കെ. പി. മോഹനൻ | കൂത്തുപറമ്പ് താലൂക്ക് ആശുപത്രിയുടെ പ്രവർത്തനം | ആരോഗ്യ, വനിത-ശിശുവികസന വകുപ്പുമന്ത്രി |
| 9 | ശ്രീ. വി. ജോയി | വർക്കല ഇടവ തോമസ് സെബാസ്റ്റ്യൻ സ്റ്റേഡിയം | ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി |

The Ministers concerned made statements on the respective subjects.

*Presentation of Reports* :

i) The Thirteenth Report of the Business Advisory Committee was presented.

ii) The Forty Eighth to Sixty Second reports of the Committee on Public Accounts were presented.

*Consideration of Report* :

The Thirteenth Report of the Business Advisory Committee was adopted by the House.

*Explanation as per Rule 288* :

Smt. K. K. Rema informed the House her personal explanation on the remarks made by Smt. Kanathil Jameela during the discussion of Demands for Grants on 12th June, 2024.

*Motion Under Rule 130* :

Shri M. Vijin moved the following motion under Rule 130 and spoke :

"നാഷണൽ ടെസ്റ്റിംഗ് ഏജൻസി (NTA) നടത്തിയ NEET, NET പരീക്ഷകളുമായി ബന്ധപ്പെട്ടുണ്ടായ ഞെട്ടിപ്പിക്കുന്ന ക്രമക്കേടുകൾ ലക്ഷക്കണക്കിന് വിദ്യാർത്ഥികളുടെയും അവരുടെ കുടുംബാംഗങ്ങളുടെയും പ്രതീക്ഷകളും സ്വപ്നങ്ങളും തകർത്ത ഗുരുതരമായ സാഹചര്യം സംബന്ധിച്ച് ഈ സഭ ചർച്ച ചെയ്യണം."

The flollowing members took part in the discussion.

Shri K. M. Sachindev

Shri Sajeev Joseph

Shri E. Chandrasekharan

Dr. N. Jayaraj

Shri K. P. Mohanan

Dr. Sujith Vijayanpillai

Shri Mons Joseph

Smt. U. Prathibha

Dr. M. K. Muneer

Shri K. V. Sumesh

Dr. Mathew Kuzhalnadan

Dr. R. Bindu, Minister for Higher Education and Social Justice replied to the points raised in the discussion. Then Dr. R. Bindu, Minister for Higher Education and Social Justice moved the following substantive motion under Rule 275:

"ദേശീയ തലത്തിൽ പ്രവേശന പരീക്ഷകൾക്കായി യൂണിയൻ ഗവൺമെന്റ് ചുമതലപ്പെടുത്തിയ നാഷണൽ ടെസ്റ്റിംഗ് ഏജൻസി (NTA) ഏറ്റെടുത്ത് നടത്തുന്ന രണ്ട് ദേശീയ പരീക്ഷകളുമായി ബന്ധപ്പെട്ടുണ്ടായ വ്യാപക ക്രമക്കേടുകൾ ഞെട്ടിപ്പിക്കുന്നതാണ്. മെഡിക്കൽ വിദ്യാഭ്യാസ രംഗത്തെ ബിരുദ കോഴ്സുകളിലേക്ക് പ്രവേശനം നടത്തുന്നതിനുള്ള NEET-UG പരീക്ഷയിലും കോളേജ്, സർവകലാശാല അധ്യാപക നിയമന യോഗ്യതയ്ക്കും ഗവേഷണ സ്കോളർഷിപ്പിനും വേണ്ടിയുള്ള UGC-NET പരീക്ഷയിലുമാണ് ക്രമക്കേടുകൾ നടന്നിട്ടുള്ളത്.

ലക്ഷക്കണക്കിന് വിദ്യാർത്ഥികൾ മാസങ്ങൾ നീണ്ട കഠിനാദ്ധ്വാനത്തിലൂടെ പഠിച്ച് എഴുതുന്ന NEET പരീക്ഷയിലെ ക്രമക്കേട് വിദ്യാർത്ഥികളുടെയും അവരുടെ കുടുംബാംഗങ്ങളുടെയും പ്രതീക്ഷകളും സ്വപ്നങ്ങളുമാണ് തകർത്തത്. വിവിധ ബാച്ചുകളിലായി നടത്തിയ പരീക്ഷകളിൽ സമയനഷ്ടമുണ്ടായത് നികത്തുന്നതിന്റെ ഭാഗമായി അശാസ്ത്രീയമായി ഗ്രേസ് മാർക്ക് നൽകിയതിലൂടെ കുറച്ച് വിദ്യാർത്ഥികൾക്ക് അനർഹമായി മാർക്ക് ലഭിക്കാൻ ഇടയായി. ഹരിയാനയിലെ ഒരു സെന്ററിൽ പരീക്ഷയെഴുതിയ വിദ്യാർത്ഥികൾ 720-ൽ 720 മാർക്ക് സ്കോർ ചെയ്തതും പ്രവേശന പരീക്ഷയിൽ അസാധ്യമായ 718, 719 എന്നീ മാർക്കുകൾ നേടാനിടയായതും രാജസ്ഥാൻ, ബീഹാർ എന്നീ സംസ്ഥാനങ്ങളിൽ ചോദ്യപേപ്പർ സമൂഹമാധ്യമങ്ങൾ വഴി ചോർന്നതും അപേക്ഷകരുടെ ആപ്ലിക്കേഷൻ നമ്പറിന്റെ അടിസ്ഥാനത്തിൽ ടൈ ബ്രേക്കിംഗിന്റെ രീതി ആവിഷ്കരിച്ചതും പരീക്ഷയുടെ വിശ്വാസ്യതയെത്തന്നെ ചോദ്യം ചെയ്യുന്നതായി. ഇതിനെതിരെ ബഹു. സുപ്രീം കോടതിയിൽ ഫയൽ ചെയ്യപ്പെട്ട കേസ്സിൽ ഗ്രേസ് മാർക്ക് ഒഴിവാക്കുന്നതിന് അവർ ആവശ്യപ്പെട്ടാൽ പുനഃപരീക്ഷ നടത്തുന്നതിനും തീരുമാനിച്ചിട്ടുണ്ട് എന്ന് യൂണിയൻ സർക്കാർ ബഹു. കോടതിയെ അറിയിച്ചിട്ടുണ്ട്. എന്നാൽ ചോദ്യപേപ്പർ ചോർച്ചയ്ക്ക് തെളിവില്ല എന്ന നിലപാടാണ് യൂണിയൻ വിദ്യാഭ്യാസ മന്ത്രി പ്രഖ്യാപിച്ചത്. ഇതിന്റെ പിന്നാലെ NET പരീക്ഷയിലും ക്രമക്കേടുണ്ടായതായി കണ്ടെത്തിയ സാഹചര്യത്തിൽ പരീക്ഷ റദ്ദ് ചെയ്ത് പുനഃപരീക്ഷ നടത്തുന്നതിന് NTA തീരുമാനിച്ചു. ഇതോടൊപ്പം CSIR NET പരീക്ഷയും നീറ്റ് മെഡിക്കൽ പി.ജി. പ്രവേശന പരീക്ഷയും നിശ്ചയിച്ച സമയത്ത് നടത്താതെ ക്യാൻസൽ ചെയ്യുകയുണ്ടായി. കഠിനാദ്ധ്വാനം ചെയ്ത് പരീക്ഷയ്ക്ക് തയ്യാറെടുക്കുകയും ദീർഘദൂരം യാത്ര ചെയ്ത് അന്യസംസ്ഥാനങ്ങളിലെ പരീക്ഷാകേന്ദ്രങ്ങളിലെത്തുകയും ചെയ്ത പരീക്ഷാർത്ഥികൾക്ക് പരീക്ഷ റദ്ദുചെയ്ത നടപടി കനത്ത മാനസിക സമ്മർദ്ദവും ധനനഷ്ടവും ഉണ്ടാക്കിയിട്ടുണ്ട്.

രാജ്യത്തെ ലക്ഷക്കണക്കിന് വിദ്യാർത്ഥികളുടെ ഭാവി നിർണ്ണയിക്കുന്ന പരീക്ഷകൾ കുറ്റമറ്റ രീതിയിൽ, വിശ്വാസ്യതയോടെ നടത്താൻ ചുമതലപ്പെട്ട NTA തങ്ങൾക്കതിന് സാധിക്കില്ല എന്ന് ആവർത്തിച്ച് തെളിയിച്ചു കഴിഞ്ഞു. മുൻപ് സംസ്ഥാന തലത്തിൽ കുറ്റമറ്റ രീതിയിൽ നടത്തിപ്പോന്നിരുന്ന മെഡിക്കൽ പ്രവേശന പരീക്ഷകൾ നിർത്തലാക്കിയാണ് ദേശീയ തലത്തിൽ NEET പരീക്ഷ ഏർപ്പെടുത്തിയത്. കേരളത്തിൽ പരീക്ഷയെഴുതിയ ലക്ഷക്കണക്കിന് വിദ്യാർത്ഥികളെയും രക്ഷിതാക്കളെയും ആശങ്കയുടെ മുൾമുനയിൽ നിർത്തുന്നതും കുട്ടികളുടെ ഭാവിയെ അനിശ്ചിതത്വത്തിലാക്കുകയും ചെയ്യുന്ന NTA യുടെ നടപടികളെയും അതിനെ പിന്തുണക്കുന്ന യൂണിയൻ ഗവൺമെന്റിന്റെ നയങ്ങളെയും സഭ ശക്തമായി അപലപിക്കുന്നു. അതോടൊപ്പം മെഡിക്കൽ പ്രവേശനത്തിനായി കാത്തിരിക്കുന്ന സംസ്ഥാനത്തെ വിദ്യാർത്ഥികളുടെയും അവരുടെ രക്ഷാകർത്താക്കളുടെയും ഭീതിയും ഉത്കണ്ഠയും ദൂരീകരിക്കുന്നതിന് അടിയന്തരവും വിശ്വാസയോഗ്യവുമായ നടപടികൾ സ്വീകരിക്കണമെന്നും യൂണിയൻ ഗവൺമെന്റിനോട് സഭ ആവശ്യപ്പെടുന്നു."

Then the substantive motion was unanimously adopted by the House.

*Financial Business* :

*Discussion and Voting on Demands for Grants in the Budget for the financial year 2024-25*

Shri V. Sivankutty, Minister for General Education and Labour moved Demand No. XVII – Education, Sports, Art and Culture and Demand No. XXIV – Labour and Labour Welfare and Welfare of Non-Residents and Shri P. Prasad, Minister for Agriculture moved Demand No. XXIX – Agriculture for the amounts shown respectively against them under column No. 7 in the list of Demands for Grants.

Shri K. N. Balagopal, Minister for Finance laid on the Table statements under Rule 236 (3) relating to Demands Nos. XVII, XXIV and XXIX.

The cut motion Nos. 1, 5, 6, 9, 15, 17, 19, 20, 22, 23, 24, 25, 28, 30, 31, 33, 35, 39, 40, 44, 48, 49, 50, 51 in the list of cut motions for Demand No. XVII, cut motion Nos. 4, 5, 8, 14, 17, 18, 19, 20, 21, 22, 24, 25, 27, 31, 32, 36, 41, 43, 44, 46, 47, 48, 49 in the list of cut motions for Demand No. XXIV and cut motion Nos. 4, 5, 8, 11, 13, 16, 18, 19, 22, 23, 24, 26, 27, 28, 29, 30, 31, 32, 35, 36, 40, 44, 46, 47, 48 in the list of cut motions for Demand No. XXIX were moved.

The following members took part in the discussion;

Dr. K. T. Jaleel

Shri Mani C. Kappan

Shri Muhammed Muhassin

Shri Anwar Sadath

Shri Pramod Narayan

Shri T. V. Ibrahim

Shri M. Mukesh

Shri A. Prabhakaran

Smt. Daleema

Shri C. R. Mahesh

Shri P. V. Sreenijin

Shri P. V. Anvar

Shri Thomas K. Thomas

Dr. M. K. Muneer

Shri Vazhoor Soman

Shri K. P. Kunhammed Kutti Master

Shri Sunny Joseph

Shri V. Sivankutty, Minister for General Education and Labour, DR. R. Bindu, Minister for Higher Education and Social Justice, Shri V. Abdurahiman, Minister for Minority Welfare, Sports, Wakf and Hajj Pilgrimage, Shri Saji Cherian, Minister for Fisheries and Culture, Shri Kadannappalli Ramachandran, Minister for Registration, Museums and Archieves and Shri P. Prasad, Minister for Agriculture replied to the points raised during the discussion. The cut motions were declared lost. Then the Demands Nos. XVII, XXIV and XXIX were put to vote and passed.

The House adjourned at 6.42 p.m. to meet again at 9.00 a.m. on Thursday, June 27, 2024.

DR N. KRISHNA KUMAR,
*Secretary*.